നിക്കു പറയാനുള്ളതു്. ഈ നണകേടംകൊണ്ടൊന്നും കായ്മില്ല. എച്ചു്. ജി. വെൽസ് പറയാറുണ്ടു് ഒരു "തോതു ബോധം" വേണം എന്നു്. അങ്ങിനെ ഒരു തോതു് ബോധം ഗവമ്മെണ്ടിനുണ്ടാകണം. ഒരാനയെ വെടിവെയ്ക്കാൻ പൊട്ടത്തോക്കുപോരാ. നല്ല തോക്കുതന്നെ വേണം. ഫിനാൻഷ്യൽ മെമ്പർ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനഭാഗത്തിൽ പറഞ്ഞു. "ആദായനികുതി കൂട്ടാൻ പോകുന്നില്ലെ"ന്നു്. പിന്നെ എവിടെനിന്നു പണമുണ്ടാകും? എനിക്കറിയാം പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കാതെ ഇനികുതിയിൽനിന്നുമാത്രം പണമുണ്ടാക്കാൻ കഴിയുകയില്ലെന്നു. ജനസാമാന്യത്തിനു് ഭാരമാകാത്ത തരത്തിൽ എവിടെനിന്നെല്ലാം ഏതേതു മാർഗ്ഗങ്ങൾവഴി പണമെടുക്കാമെ അങ്ങിനെ പണമെടുക്കാനുള്ള കരുത്തു ഗവർമ്മെണ്ടു് കാണിക്കുന്നില്ലെങ്കിൽ ഈ പോസ്റ്റുപാർ സ്കീമിനുവേണ്ടി ഈ ക്ഷാമം പിടിച്ചകാലത്തു കടലാസു് വെറുതെ കളയരുതെന്നുമാത്രമാണു് ഗവർമ്മെണ്ടിനോടു പറയാനുള്ളതു്. അതുകൊണ്ടു് പണമില്ലെന്നുള്ള വാദം ഇവിടെ കൊണ്ടുവരരുതു്.

മിസ്റ്റർ പി. വി. റാഫേൽ: പണം ഇല്ലെന്നു പറഞ്ഞിട്ടില്ല.

റാവുസാഹിബു് കെ. അയ്യപ്പൻ: ശരി, അപ്പോൾ പണമുണ്ടു്. സമ്മതിച്ചു. പിന്നെ ഈ സ്കീമിന്റെ കഴിവുകളെപ്പറ്റി വിശദമില്ലാത്തതാണെന്നു ബഹുമാനപ്പെട്ട എഞ്ചിനീയർ മെമ്പറും സമ്മതിച്ചു. ആവശ്യക്കാർ പറയുന്നതു് നടത്തിത്തരണമെന്നു. ഇനി എന്താണു് വേണ്ടതു്? മിസ്റ്റർ നാരായണമേനോൻ ഒരു കായ്മും തെറ്റിദ്ധരിച്ചു, മിസ്റ്റർ ഗോവിന്ദമേനോൻ പറഞ്ഞതുപോലെ ഈ കായ്മും അതു നീട്ടിക്കൊണ്ടു് പോകാനല്ല ഉദ്ദേശിക്കുന്നതു്. നടപ്പിലാക്കാൻ വിശദമുള്ള സംഗതി ആണെങ്കിൽ ഒരിക്കലും ഞാൻ കൊണ്ടുവരികയില്ലായിരുന്നു. ഇതു് അസാദ്ധ്യമല്ല, സാദ്ധ്യമാണെന്നു തോന്നിയതുകൊണ്ടാണു് കൊണ്ടുവന്നതു്. പണത്തിനു വഴിയുണ്ടു്, ഗവമ്മെണ്ടിനെക്കൊണ്ടു് ചെയ്യിക്കാൻ കഴിയും എന്നു തോന്നിയതുകൊണ്ടാണു് അവിടത്തുകാക്കു് ഇങ്ങനൊരവും അത്യാവശ്യമായ വെള്ളത്തിന്റെ കായ്മും പ്രത്യേകം പറയാതെ ഈ സ്കീമന്റകൂടെ ഉൾപ്പെടുത്തിയതു്.

ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയരുടെ മറുപടി കേട്ടതിനുശേഷം ഇതു് പ്രസ്സുചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ലെങ്കിലും, വല്ലതുംവെച്ചു വേണ്ട ഒന്നു തുടങ്ങാൻ. അങ്ങിനെ ഒരു കാരണത്തിനു് വേണ്ടിമാത്രം ഇതു് പ്രസ്സുചെയ്യാൻ ഞാനുദ്ദേശിക്കുന്നുണ്ടു്.

പിന്നെ ചിലർ പറഞ്ഞപോലെ ഞാൻ അത്ര വേഗമൊന്നും ഇവിടെനിന്നു പോകാൻ വിചാരിക്കുന്നില്ല. ഇനി എങ്ങിനെ ആയാലും മൂന്നുകൊല്ലം നിശ്ചയമായിട്ടും ഇവിടെ ഇരിക്കും. ഈ സംഗതി എതായാലും ഇവിടെ വിടാൻ പോകുന്നില്ല. ഇതു് അത്രമാത്രം പ്രയോജനകരമാണെന്നു കണ്ടതുകൊണ്ടു് ആ പ്രദേശങ്ങളിലെ ജനങ്ങളുടെ മുറവിളി ഇടവിടാതെ വന്നു ഗവമ്മെണ്ടിനെ അലട്ടിക്കൊണ്ടിരിക്കും എന്നു ഞാൻ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. അതിനൊന്നും ഇടവരുത്താതെ ഗവമ്മെണ്ടു ഈ കായ്മുത്തെക്കുറിച്ചു ഒന്നുകൂടി നല്ലപോലെ ആലോചിച്ചു ഇതു സ്വീകരിക്കണമെന്നാണു് ഗവമ്മെണ്ടിനോടു് പറയാനുള്ളതു്. ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയരുടെ മറുപടികൊണ്ടു് തൃപ്തിപ്പെടേണ്ടതാണെങ്കിലും അദ്ദേഹത്തെ സഹായിക്കാനായി ഞാൻ ഈ ഉപക്ഷേപം പ്രസ്സുചെയ്യുന്നു.

Cut Motion put and Carried

CUT MOTION No. 17

Choondal Mattam Road and Choondal Choualloopadi Road

Mr. Paramel Ipe Ipe *(Kunnamkulam):* Sir, I rise to move a cut of Re. 1 in the allotment of Rs. 12,22,453 for Communication in Demand No. 30. The purpose of this motion is *to impress upon the Government the necessity of having a granite metalling for the Choondal-Mattam Road and Chondal-Chowalloopadi Road.* I do admit at the very outset that it is not one of all-Cochin importance, but till from the point of view of the villagers inhabiting Choondal, Aloor, and Kandanasseri Villages this forms an important road. This road starts from the Choondal toll-gate at the Kunnamkulam-Trichur road and runs to south through Choondal Aloor and Kandanasseri Villages. It takes its course along two important bazaars, *viz.*, Koonammuchi bazaar and Mattam bazaar. These three villages are primarily agricultural villages which produces much of paddy and betelenut. For these villages the only opening to the best markets for arecanut and other agri cultural produces is this road and this road alone. From my experience and I am sure all my Hon'ble Friends who had the occasion to visit these three villages must have found that during the monsoon season this road instead of being a cartable road, forms a veritable quacymire. Instead of being used as a road it could rather be used as a field for sowing seeds and getting a harvest during

LIBRARY ARCHIVES Kerala Legislative Assembly

these days of food scarcity. So my humble representation to this House is to support this motion, and that this House may not leave it aside, thinking it to be only of local importance and to see that this road is taken up as an immediate piece of work. Before concluding may I request that at least the post-war scheme may not be put forward as a plea to put off this work.

Mr. P. Kumaran Ezhuthassan *(Vadakkancheri):* On a point of information, May I know the width of this roads? The length is given in the schedule.

Mr. V. K. Aravindaksha Menon *(Chief Engineer):* The width ranges between 20 to 25 feet between the sideways.

*__Mr. P. Kumaran Ezhuthassan__ *(Vadakkancheri):* Mr. Chairman, I have very great pleasure to support this cut motion. This is a road which I very well know. Both these roads branch off from the place from where my Hon'ble Friend said they branch off, but they both lead to the British boundary also. Over and above the traffic of the people of the places along these roads, there is a good amount of traffic to the British parts—one road lead to Guruvayur, although because of the want of something in the District Board of Malabar, the road has not gone up to Guruvayur, it has gone only to some distence—still this is a very imortant road and I find from the schedule given by the Chief Engineer and these as also 5 or 6 other roads of my Taluk are operated with the nuisance of the caterpillar, are maintained by the caterpillar. We want the roads to be improved, the surface to be hardened so that it may be fit for vehicular traffic. On the other hand we find at certain parts of the year a sort of a machine is pushed this side and that side and invariably I have found the road instead of being improved has been spoiled. That is the actual experience with the caterpillar. In theory caterpillar may be alright, and it may be said in books that it is very good. But in actual fact and eperience, one finds that the roads are spoiled that is our experience there, I have no experience of these parts. Therefore, I suggest that these two roads may be metalled. Buses run to and fro very many times and has the Hon'ble Mover said, that is an area where unless lands are heavily manured, the mother earth is not going to help much—that is an unfortunate area. This road has to be metalled.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങിക്കൊള്ളുന്നു. തലപ്പിള്ളിക്കും ഗുരുവായൂരിനും മദ്ധ്യേ ഒരു കല്ലു കിടക്കുന്നുണ്ട്. ശരിക്കു ഇവിടെനിന്നു (പുറനാകളത്തു) ആ കായലിലേക്കു നോക്കിയാൽ കാണുന്നപോലെ അത്ര താഴത്താണു ആ സ്ഥലം (തലപ്പിള്ളിതാലൂക്കു) കിടക്കുന്നതു. എടവപ്പാതി തുടങ്ങിയാൽ വഞ്ചിയില്ലാതെ അങ്ങോട്ടു പോകാൻ സാധിക്കുകയില്ല. തലപ്പിള്ളിതാലൂക്കു കൊച്ചിരാജ്യത്തിൽ ഏറ്റവും അധികം നെല്ലും മറ്റു വിഭവങ്ങളും ഉണ്ടാകുന്ന ഒരു സ്ഥലമാണു. എന്നാൽ തലപ്പിള്ളി താലൂക്കിനെ ഇന്നും താണനിലയിൽ വെച്ചുകൊണ്ടിരിക്കുന്നതു ഗവമ്മെണ്ടു ആ താലൂക്കിനോടു ചെയ്യുന്ന ഒരു നന്ദികേടാണു. വെട്ടുവഴികളാണെങ്കിൽ വളരെ വീതി കുറഞ്ഞതും Horn അടിച്ചുവരുന്ന ഒരു ബസ്സിനു എതിരായി ഒരു സൈക്കും വരുന്നുണ്ടെങ്കിൽ, സൈക്കിളിനു പിന്നാക്കംപോകാതെ നിവൃത്തിയില്ല; എതുപോലെയെന്നാൽ "ഹോ"യെന്നുള്ള Horn അടിച്ചുവരുന്ന ഒരു നമ്പൂതിരിയേയും നായരേയും കാണുമ്പോൾ പുലയനും, ഈഴവനും പിന്നാക്കം ഓടുന്നതുപോലെ. അവിടെ ഗവമ്മെണ്ടിൽനിന്നു ഒന്നും ചെയ്യുന്നില്ലെങ്കിലും അവിടത്തെ പ്രകൃതി വളരെ മനോഹരമാണു. അതുകൊണ്ടു ഞങ്ങൾക്കു സന്തോഷിക്കാം. കവിഭാഷയിൽ പറയുകയാണെങ്കിൽ സുരഭിലസുന്ദരിയായ പ്രകൃതിദേവി കുതൂഹലത്തോടുകൂടി ഞങ്ങളെ അനവരതം ഗുത്തം വെച്ചുകൊണ്ടിരിക്കുന്നു. ഞങ്ങൾ പ്രകൃതിയിൽ ലയിച്ചു സന്തോഷസുധാപാനലഹരിയിൽ മദോന്മത്തരായിരിക്കുന്നു. പക്ഷേ അതുകൊണ്ടൊന്നും ഞങ്ങൾക്കു ഉപ്പു പ്പെട്ടവാൻ നിവൃത്തിയില്ല. ഞങ്ങൾക്കു ശരിയായി നടക്കണമെങ്കിൽ, ജീവിക്കണമെങ്കിൽ ഇപ്പോൾ വളരെ വിഷമമുണ്ടു. അതുകൊണ്ടു ഗവമ്മെണ്ടു ആ വഴി ഒന്നുപൊക്കി തലപ്പിള്ളിക്കാരായ ഞങ്ങൾക്കു നടക്കത്തക്കവിധത്തിലാക്കിതരണമെന്നപേക്ഷിക്കുന്നു.

Mr. V. K. Aravindaksha Menon *(Chief Engineer):* Sir, This Koonammuchi-Guruvayur road which is mentioned in this cut motion is a non-metalled road. It is now surfaced with gravel and therefore it is only a fair-weather road. In a gravel surface, if the traffic, is heavy and if there is any kind of bullock-cart traffic, it cuts up very badly and it hinders traffic. This Government have been taking up similar roads and Government have put a coat of metal. In the last year, we did improvements like this to the Veloor Road in the Talappilly Taluk and this

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

year we are doing the same to the Pudukad-Mupliam Road. I shall go into this question of metalling this road also and I shall take the necessary action in this regard.

Mr Paramel Ipe Ipe *(Kunnamkulam)*: If I may take the reply of the Hon'ble Member for Engineering as an assurance that the work will be taken up soon, I beg leave of the House to withdraw my motion.

Cut Motion, by leave, withdrawn

CUT MOTION NO. 18

Nationalisation of transport

മിസ്റ്റർ പി. കെ. ഡീവർ: സർ, ഇന്ന ഭരണാദർം സംബന്ധമായ കായ്യങ്ങളിൽ പല അഭിപ്രായങ്ങളും, പലവിധ മാറങ്ങളും വന്നിട്ടുണ്ട്. നമ്മുടെ ഗവമ്മെണ്ടു് കുറെ നികുതി പിരിക്കുക, അതു് പിരിച്ചെടുക്കുവാൻവണ്ടി കുറെ ഉദ്യോഗസ്ഥന്മാരെ വെക്കുക, പോരയും ചില ആവശ്യങ്ങൾക്കുവേണ്ടി കുറെ ഉദ്യോഗസ്ഥന്മാരെ വെക്കുക അവക്കു് ശമ്പളം കൊടുക്കുക, ഇതു് മാത്രമാണു് ഗവമ്മെണ്ടിന്റെ കടമ എന്ന കരുതുന്നു. മഹാരാജാവു് തിരുമനസ്സിലെ ഗവമ്മെണ്ടിന്റെ ആദർം തിരുമനസ്സിലെ പ്രജാവിഭാഗങ്ങളുടെ ജീവിതസൌകര്യങ്ങളും വർദ്ധിപ്പിച്ചു അവരുടെ ജീവിതം കാര്യമായ രീതിയിലാക്കിത്തീർക്കുകയെന്നുള്ളതാണു്. എന്നാൽ ഇന്ന നാം പോകുന്ന വഴിയിൽകൂടി എത്രകാലം പോയാലാണു് ആ ആദർത്തിൽ എത്തിച്ചേരുവാൻ സാധിക്കുക എന്നറിഞ്ഞുകൂടാ. ഈ നിലയിലുള്ള ഒരു പഴഞ്ചൻ സമ്പ്രദായത്തിൽകൂടി നാം മുന്നോട്ടു പോകയാണെങ്കിൽ മഹാരാജാവു് തിരുമനസ്സിലെ ജനങ്ങളുടെ ജീവിതം കാര്യമാക്കിത്തീർക്കുവാനും, അഭിലഷണീയമാക്കുവാനും സാദ്ധ്യമല്ല. നമ്മുടെ ധനകായ്യമെമ്പർ ബഡ്ജറ്റു് അവതരിപ്പിച്ചുകൊണ്ടു ഇപ്പോഴുള്ള വരുമാനം ഇനി പിന്നാക്കം പോയേക്കാനിടയുണ്ടു് എന്നിവിടെ പറയുകയുണ്ടായി. നമ്മുടെ ജനങ്ങളുടെ ആവശ്യങ്ങൾ ഇന്നത്തെ നിലയിൽ വളരെ ചുരുങ്ങിയ രീതിയിലെ നടത്തുവാൻ സാധിക്കയുള്ളു. ജനങ്ങളുടെ എല്ലാവിധ ആവശ്യങ്ങളും ശരിയായി സാധിക്കണമെന്നുണ്ടെങ്കിൽ അതിനു ധാരാളമായിട്ടു പണം ആവശ്യമുണ്ടു്. ഇതുവരെ സാധിച്ചിട്ടുള്ള വളരെ നിസ്സാരവും, സാധിക്കുവാനിരിക്കുന്നതു് വളരെയധികവുമാണു്. അതുകൊണ്ടു് ജനങ്ങളുടെ ജീവിതം കാമ്യമാക്കുവാൻ ഗവമ്മെണ്ടിനു് വളരെയധികം പണം വേണം. അങ്ങിനെ ഗവമ്മെണ്ടിന്റെ വരുമാനത്തെ വർദ്ധിപ്പിച്ചു് ജനങ്ങളുടെ ജീവിതം കാമ്യവും അഭിലഷണീയവുമായ രീതിയാക്കിത്തീർക്കുവാനായിട്ടുള്ള ഒരു പദ്ധതിയെന്നോണമാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ കൊണ്ടു വന്നിട്ടുള്ളതു്.

ഇതുമൂലം ഞാനാവശ്യപ്പെടുന്നതു് ഗവമ്മെണ്ടു് ട്രാൻസ്പോർട്ടു് ഏറെടുക്കണമെന്നാണു്. ഗവമ്മെണ്ടു് ട്രാൻസ്പോർട്ടു് ഏറെടുക്കണമെന്നു പറയുമ്പോൾ ഇപ്പോഴുള്ള സ്വകായ്യവ്യക്തികളുടെ ട്രാൻസ്പോർട്ടു് നശിപ്പിച്ചു ആ സ്ഥാനത്തു ഗവമ്മെണ്ടുവക ട്രാൻസ്പോർട്ടുകൾ നടപ്പാക്കണമെന്ന അർത്ഥം വരുന്നില്ല. സ്വകായ്യവ്യക്തികൾ അവരുടെ പ്രവർത്തനം തുടർന്നു നടത്തിക്കൊള്ളട്ടെ. പ്രധാന വഴികളിലും—റോഡുവഴികളും പുഴവഴികളും—ഉള്ള ട്രാൻസ്പോർട്ടുകൾ ഗവമ്മെണ്ടിൽനിന്നു ഏറെടുത്തു നടത്തണം. ഇതു് ഫലപ്രദമായി നടത്തുവാൻ കഴിയുമെന്നുള്ളതിനു അയൽരാജ്യംതന്നെ ഉദാഹരണമാണു്. വാണിജ്യപരമായും വ്യവസായപരമായും ഉള്ള നിലയിൽ അവയുടെ വളർച്ചക്കും, അഭിവൃദ്ധിക്കും ഇങ്ങിനെയുള്ള സമ്പ്രദായം ഗവമ്മെണ്ടു് സ്വീകരിക്കുന്നതു് വളരെ പ്രയോജനകരമായിരിക്കും. ഇന്ന സമൂഹത്തിന്റെ നടുവിൽ ദാരിദ്ര്യമനുഭവിക്കുന്ന ഒരു സമ്പ്രദായമാണു് നാം കണ്ടുകൊണ്ടിരിക്കുന്നതു്. നമ്മുടെ നാട്ടിൽ ഒരു ഭാഗത്തു വിഭവങ്ങൾ ധാരാളമായി കുന്നുകൂടിയിരിക്കുമ്പോൾ, കൈവശമുള്ളവക്കുതന്നെ അതനുഭവിക്കുവാൻ സാധിക്കാതെ വരുമ്പോൾ അടുത്ത ഭാഗത്തുള്ള ആളുകൾ പട്ടിണികിടന്നു മരവിച്ചു മരിക്കുന്ന ദയനീയമായ കാഴ്ച നമുക്കു നിത്യമായി കാണുവാൻ കഴിയുന്നതാണു്. വിഭവങ്ങൾ വർദ്ധിച്ചാൽ മാത്രംപോരാ, എല്ലാ ആളുകൾക്കും സമമായി വിതരിക്കുകയും വേണം. വിഭവങ്ങൾ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം രാജ്യം മുന്നോട്ടു പോവുകയില്ല. ആ വിഭവങ്ങൾ ജനങ്ങൾക്കു സമമായി വിതരണം ചെയ്യുന്ന കായ്യത്തിലാണു് ഗവമ്മെണ്ടിന്റെ പ്രധാന കടമ ഇരിക്കുന്നതു്. അപ്പോൾ മാത്രമെ ഗവമ്മെണ്ടിനു് ജനക്ഷേമം പുലർത്തുവാൻ സാധിക്കുകയുള്ളു. അങ്ങിനെ ചെയ്യണമെങ്കിൽ വിഭവോല്പാദനം സമൂഹത്തിന്റെ പൊതുവെയാകണം. ട്രാൻസ്പോർട്ടു് അതിന്റെ ആദ്യപടിയായി എടുക്കണം എന്നതെ ഞാനിപ്പോൾ ആവശ്യപ്പെടുന്നതു്. ട്രാൻസ്പോർട്ടു ഗവമ്മെണ്ടു് ഏറെടുക്കുന്നതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly